പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3599 25.06.2013 ൽ മറുപടിക്ക്

# കാൻസർ രോഗികളുടെ വീടുകളിൽ വൈദ്യുത കണക്ഷൻ ഇളവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കാൻസർ രോഗികളുടെ വീടുകളിൽ വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് നൽകുന്നത്; വിശദമാക്കാമോ;<br><br>(ബി) ഇളവുകൾ നൽകുവാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ; | (എ)യും (ബി)യും.<br><br>കാൻസർ രോഗികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേകിച്ച് ഇളവുകളൊന്നും നിലവിലില്ല. എന്നാൽ കാൻസർ രോഗികൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) മറ്റേതെല്ലാം അസുഖങ്ങൾ ബാധിച്ചവർക്ക് ഈ ഇളവ് ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | വികലാംഗർ, മാനസിക വൈകല്യമുള്ളവർ എന്നിവർക്കും വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.